**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2846** **28-02-2023 - ൽ മറുപടിയ്ക്ക്**

**വന്യജീവി ശല്യം നേരിടാൻ വൈദ്യുത വേലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ വന്യജീവി ശല്യം നേരിടുന്ന സ്ഥലങ്ങളിൽ തൂങ്ങി കിടക്കുന്ന വൈദ്യുത വേലി നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് ഇത് സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | കാസർഗോഡ് ജില്ലയിൽ വന്യജീവി ശല്യം നേരിടുന്ന പ്രദേശങ്ങളായ ദേലംപാടി, കാറഡുക്ക, മുളിയാർ, ബേഡഡുക്ക, കുറ്റിക്കോൽ ഗ്രാമപഞ്ചായത്തുകളിൽ ജില്ലാ പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്താൽ കാറഡുക്ക ആന പ്രതിരോധ പദ്ധതി (KAPP-2021) എന്ന പേരിൽ ഒരു പദ്ധതി തയ്യാറാക്കുകയും, കാറഡുക്ക ബ്ളോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള വനാതിർത്തിയിൽ 29.00 കി.മീറ്റർ സൗരോർജ്ജ തൂക്ക് വേലി നിർമ്മിക്കാൻ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി 8.00 കി.മീറ്റർ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 21 കി.മീറ്റർ പ്രവൃത്തികൾ പുരോഗമിക്കുന്നു. കാഞ്ഞങ്ങാട് റെയിഞ്ചിലെ പനത്തടി, ഓട്ടമല, ബളാൽ, അത്തിയടുക്കം, ഈസ്റ്റ് എളേരി എന്നീ ഭാഗങ്ങളിൽ 32 കി.മീറ്റർ നീളത്തിൽ തൂക്കുവേലി നിർമ്മിക്കുവാൻ നബാർഡിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും Trenche XXVIII ന അനുവദിച്ചിട്ടുള്ള അലോക്കേഷന് ഉപരിയായിട്ടുള്ള പദ്ധതി രേഖകൾ നബാർഡിനു ലഭ്യമാക്കി കഴിഞ്ഞതിനാൽ ഈ പദ്ധതിക്ക് നബാർഡിന്റെ അംഗീകാരം ലഭിച്ചില്ല. |

സെക്ഷൻ ഓഫീസർ